# ഗുസ്തി

പി. കേശവദേവ്

കോളിളക്കം സൃഷ്ടിച്ച ചെറുകഥയാണ് കേശവദേവിന്റെ ഗുസ്തി. വളരെ നിസ്സാരമായ ഒരു വാക്കേറ്റത്തെ തുടർന്ന്, ഒരു ചായക്കടയിൽ നിന്നും പതഞ്ഞുയരുന്ന ഹിന്ദു മുസ്‌ലിം ലഹളയുടെ വിഷപ്പുക നാടാകെ കത്തിക്കരിച്ച് ചാമ്പലാക്കുന്നു. ഒരിക്കലും പ്രസക്തി നഷ്ടപ്പെടാത്ത വിഷയം.

.......... ........

## ഗുസ്തി ചെറുകഥ പൂർണ്ണരൂപം

**"പ്രതീക്ഷിപ്പിൻ....പ്രതീക്ഷിപ്പിൻ!....മല്ലയുദ്ധപ്പോരാട്ടം." പപ്പുപിള്ളയുടെ ചായക്കടയിലിരുന്ന് ഒരു ചെറുപ്പക്കാരൻ ഗുസ്തിനോട്ടീസു വായിക്കുകയാണ്.**

**ദോശ ചുടുന്ന പപ്പുപിള്ള അടുപ്പിനരികിലിരുന്നുകൊണ്ട് വിളിച്ചു പറഞ്ഞു: "ഒറക്കെ വായിക്കണേ സാറേ, ഞാനൂടൊന്നു കേക്കട്ടെ."**

**ചെറുപ്പക്കാരൻ ശബ്ദമുയർത്തി വായന തുടർന്നു: "കായികകലാപ്രണയികൾക്കു കണ്ണും കരളും കുളിർപ്പിക്കാനുള്ള കനകാവസരം പാഴാക്കരുതേ!"**

**ചായക്കടയോടു തൊട്ടടുത്തുള്ള മുറുക്കാൻകടയിലിരുന്നു ബീഡിയില വെട്ടുന്ന അദ്രാമാൻ തല ഉയർത്തി ചോദിച്ചു: "ഗുസ്തിയാണോ സാറേ? എവിടെയാ?"**

**ചെറുപ്പക്കാരൻ ആ ചോദ്യം കേട്ടതായി നടിക്കാതെ വായന തുടർന്നു: "ഇത്ര വാശിയോടും വൈരാഗ്യത്തോടും കോപത്തോടുംകൂടി, ജയാപജയങ്ങൾ തിരിച്ചറിയുന്നതുവരെ നടത്തുന്നതായ ഒരു മഹാമല്ലയുദ്ധം ഇതിനുമുൻപുണ്ടായിട്ടില്ല; ഇനി ഉണ്ടാവുകയുമില്ല."**

**അദ്രാമാൻ കത്രികയുംകൊണ്ട് എഴുന്നേറ്റു: "അങ്ങനെയാണെങ്കിലതൊന്നു കാണണമല്ലോ. എവടെയാ സാറേ, എവടെയാ?"**

**ഒരുതരി ദോശമാവ് കല്ലിലൊഴിച്ചു പരത്തിയിട്ടു പപ്പുപിള്ള ചെറുപ്പക്കാരന്റെ അടുത്തെത്തി: "അത്ര വാശിയാണെങ്കിലെനിക്കുമൊന്നു കാണണം. ഫയൽമാന്മാരാരൊക്കെയാ?"**

**"വായിച്ചാട്ടെ സാറെ, വായിച്ചാട്ടെ." അദ്രാമാനും അടുത്തുവന്നു.**

**ചെറുപ്പക്കാരൻ വായന തുടർന്നു: "മയ്യനാട്ടു ഹനുമാൻവിലാസം സ്റ്റേഡിയത്തിൽവെച്ചു ധനു 1-ാം തീയതി (ഞായറാഴ്ച) വൈകുന്നേരം 4.30-ന്. വാശിയും വൈരാഗ്യവുമുള്ള മല്ലയുദ്ധമായതുകൊണ്ട് സമാധാനലംഘനമുണ്ടാകാതിരിക്കുവാൻ പോലീസുബന്തവസ്സ് ഉണ്ടായിരിക്കും...."**

അദ്രാമാൻ അക്ഷമനായി: "ഫയൽമാന്മാരുടെ പേരു വായിക്കണം സാറെ."

"ഇനി അതാണു വായിക്കാൻപോകുന്നത്." ചെറുപ്പക്കാരൻ ചിരിച്ചുകൊണ്ടു വായന തുടർന്നു: "ഫയൽമാന്മാർ...."

"നിക്കണേ...." പപ്പുപിള്ള ഓടിച്ചെന്നു കല്ലിൽ കിടന്ന ദോശ മറിച്ചിട്ടിട്ടു തിരിച്ചുവന്നു. "ഇനി വായിച്ചാട്ടെ സാറെ."

ചെറുപ്പക്കാരൻ ചിരി അമർത്തിക്കൊണ്ടു വായിച്ചു: "അഖില കേരളഗാമാ എന്ന അപരനാമധേയത്താൽ അഖിലഭാരപ്രശസ്തി സമ്പാദിച്ചവനും മലയാളികളുടെ അഭിമാനസ്തംഭവുമായ മേക്കാട്ടു നാണുപിള്ള ഫയൽമാൻ...."

പപ്പുപിള്ള അഞ്ചാറു ചാട്ടം! ആഹ്ലാദംകൊണ്ടയാൾക്കു വീർപ്പുമുട്ടിപ്പോയി: "ഭേഷ്! ഭേഷ്! നാണുള്ളച്ചേട്ടനൊണ്ടങ്കിപ്പിന്നെ ചോതിക്കണ്ടാ, ആരു ജയിക്കുമെന്ന്. ആനയെ എടുത്തു പന്താടുന്നവനാ മേക്കാടൻ."

അദ്രാമാൻ ഹാസ്യഭാവത്തിൽ പറഞ്ഞു: "ചാടാതെ അടങ്ങിനിക്കണം പിള്ളേ. എതിരു ഫയൽമാൻ ആരാണെന്നുകൂടൊന്നു കേൾക്കട്ടെ."

മുറുക്കാൻകടയുടെ ഉടമസ്ഥനായ കുഞ്ഞുമൊയ്തീൻ പണം എണ്ണിതിട്ടപ്പെടുത്തി പെട്ടിയിലിട്ടിട്ടു ചോദിച്ചു: "അതെന്തവാടാ അദ്രാമാനേ?"

അദ്രാമാൻ പൊട്ടിച്ചിരിച്ചു: "ഒരു തമാശ കേക്കണോ കൊച്ചിക്കാ? ഈ പിള്ള പറയുന്നു, മേക്കാടൻ ആനേ എടുത്തു പന്താടുമെന്ന്!"

"പന്തില്ലാഞ്ഞിട്ടാണോടാ, ആനേ എടുത്തു പന്താടുന്നത്?.... അതിരിക്കട്ടെ, എന്തുവാ കാര്യം?" കുഞ്ഞുമൊയ്തീനും നോട്ടീസു വായിക്കുന്ന ചെറുപ്പക്കാരന്റെ അടുത്തു വന്നു.

ചെറുപ്പക്കാരൻ വായന തുടർന്നു: "പഞ്ചാബ് പഞ്ചാനനനെന്നു പ്രസിദ്ധികേട്ട മല്ലവീരൻ മുഹമ്മദു ഹുസൈൻ...."

"അബ്ബബ്ബബ്ബ!...." കുഞ്ഞുമൊയ്തീൻ പൊട്ടിച്ചിരിച്ചു: "നമ്മുടെ ഹുസൈനാണോ! മേക്കാടനെ മലർത്തി അടിക്കും!"

അദ്രാമാൻ ഏറ്റുപറഞ്ഞു: "പത്തു മേക്കാടനെ ചുരുട്ടി കക്ഷത്തി വെച്ചോണ്ടു പോകുന്നവനാ ഹുസൈൻ! അറിയാമോ?"

പപ്പുപിള്ളയുടെ മുഖത്തു ചുളിവുകൾ വീണുതുടങ്ങി. അയാൾ വാശിയോടുകൂടി പറഞ്ഞു: "മേക്കാടനെ ചുരുട്ടി കക്ഷത്തിവയ്ക്കാൻ ബ്രഹ്മാവു വന്നാലും ഒക്കത്തില്ല, അറിയാമോ?"

കുഞ്ഞുമൊയ്തീന്റെ പുരികം ചുളിഞ്ഞു: "നിങ്ങടെ ബ്രഹ്മാവിനെക്കൊണ്ടൊക്കാത്തത്, ഞങ്ങടെ ഹുസൈനെക്കൊണ്ടൊക്കും, അറിയാമോ?"

അദ്രാമാനു വീറുകൊണ്ടു: "അങ്ങനെ പറ കൊച്ചിക്കാ, അങ്ങനെ പറ."

പപ്പുപിള്ളയുടെ ശരീരം വിറച്ചു: "നിങ്ങടെ ഹുസൈനും നിങ്ങടെ അള്ളായുംകൂടെ വന്നാലും, ഞങ്ങടെ മേക്കാടന്റെ ചെറുവെരലു മടക്കാനൊക്കത്തില്ല."

അദ്രാമാൻ മുന്നോട്ടൊന്നു കുതിച്ചു. കുഞ്ഞുമൊയ്തീൻ പെട്ടെന്ന് അദ്രാമാനെ തടുത്തു: "അടങ്ങിനില്ലെടാ അദ്രാമാനെ."

അദ്രാമാൻ വിറച്ചുകൊണ്ടു പറഞ്ഞു: "അല്ല കൊച്ചിക്കാ, ഈ കാഫറു പറയുന്നതു കേട്ടില്ലേ?—അള്ളാ വന്നാലും മേക്കാടൻെറ ചെറുവെരലു മടക്കാനൊക്കത്തില്ലെന്ന്."

പപ്പുപിള്ള പൂർവ്വാധികം വീറോടുകൂടി പറഞ്ഞു: "ഒക്കാഞ്ഞിട്ടാ, ഒക്കത്തില്ലെന്നു പറഞ്ഞത്."

അദ്രാമാൻ വീണ്ടും മുന്നോട്ടു കുതിച്ചു: "എന്നാലതൊന്നുകൂടി പറയാമോടാ?"

കുഞ്ഞുമൊയ്തീൻ വീണ്ടും അദ്രാമാനെ തടുത്തു: "എടാ, അടങ്ങി നിൽക്കാനല്ലേ പറഞ്ഞത്."

"അല്ല കൊച്ചിക്കാ, ആ നോട്ടീസൊന്നു വായിച്ചുനോക്ക്. മേക്കാടൻ ഗാമയാണെന്ന്. ഗാമാ ഇസ്ലാം അല്ല്യോ? ഇസ്ലാമിൻെറ പേരു കാഫറി നിടാമോ?"

"എടാ, മനുഷ്യൻെറ പേരു പട്ടിക്കിടാറില്ല്യോടാ?"

പപ്പുപിള്ളയുടെ പ്രജ്ഞ നശിച്ചു: "ഫൂ!....പന്നി!...." അയാൾ കുഞ്ഞു മൊയ്തീൻെറനേരെ കുതിച്ചു.

നോട്ടീസു വായിച്ച ചെറുപ്പക്കാരൻ ചാടി എഴുന്നേറ്റു പപ്പുപിള്ളയെ തടുത്തു. "ഏയ്! ഇതെന്തൊരു ഭ്രാന്താണ്! വല്ലയിടത്തും വല്ലവരും ഗുസ്തി പിടിക്കുന്നതിനു നിങ്ങൾക്കെന്തു ചേതം?"

"എന്താ ചേതമെന്നോ? ആ പന്നി പറഞ്ഞതു കേട്ടില്ലേ?"

കുഞ്ഞുമൊയ്തീൻ മുന്നോട്ടൊരായലും, പപ്പുപിള്ളയുടെ കരണത്ത് ഒരടിയും!

രണ്ടുമൂന്നു നിമിഷം!

പപ്പുപിള്ളയുടെ കൈ ദോശച്ചട്ടുകത്തോടുകൂടി മേല്പ്പോട്ടുയർന്നു. ചട്ടുകം കുഞ്ഞുമൊയ്തീൻെറ ശിരസ്സിൽ ഊക്കോടുകൂടി പതിച്ചു.

"അള്ളാ!...." കുഞ്ഞുമൊയ്തീൻെറ ശിരസ്സു പിളർന്നു രക്തം ചിതറി. അയാൾ പിറകോട്ടു മലർന്നുവീണു. "കൊല്ലടാ, പന്ന്യേ കൊല്ലടാ!"

അദ്രാമാൻെറ കൈ ഉയർന്നുതാണു. ബീഡിയില വെട്ടുന്ന കത്രിക പപ്പുപിള്ളയുടെ വയറ്റിൽ പാഞ്ഞുകയറി. പപ്പുപിള്ള മറിഞ്ഞുവീണു. അദ്രാമാൻ ഉഗ്രമായി അലറി. അയാൾ പപ്പുപിള്ളയുടെ നെഞ്ചിൽ കയറി യിരുന്നു കത്രികകൊണ്ട് ആഞ്ഞൊന്നു കുത്തി.

ചായക്കട ചോരക്കളമായി. പൊതുനിരത്തുകൾ കൊലക്കളമായി. ദേവാലയങ്ങൾ കശാപ്പുകാരുടെ സങ്കേതങ്ങളായി. നാട്ടുകാർ പരസ്പരം കൊല്ലുകയാണ്. അയൽക്കാർ തമ്മിൽത്തമ്മിൽ കുത്തുകയാണ്.

സന്ധ്യയായപ്പോഴേക്കു ലഹള പട്ടണാതിർത്തി കടന്നു ഗ്രാമങ്ങളി ലേക്കു വ്യാപിച്ചു. ദേവാലയങ്ങൾ കത്തിയെരിയുന്നു. അലർച്ചകൾ, പോർ വിളികൾ, ദീനരോദനങ്ങൾ! നാട്ടിലെങ്ങും മനുഷ്യരില്ലാതെയായി.... പരസ്പരം കഴുത്തറക്കുന്ന ഹിന്ദുക്കളും മുസൽമാന്മാരും മാത്രം. യജമാ നന്മാർക്കു ഭ്രാന്തുപിടിച്ചതു കണ്ട് പട്ടികൾ ഉച്ചത്തിൽ 'ഓലി'യിടുവാൻ തുടങ്ങി. മനുഷ്യർ പിശാചുക്കളായി മാരകനൃത്തംചെയ്യുന്ന ദയനീയ കാഴ്ചയെ നിശാദേവി ഇരുൾകൊണ്ടു മറച്ചുകളഞ്ഞു.

പിറ്റേദിവസത്തെ പത്രങ്ങൾ ലഹളവാർത്തകൾ പ്രസിദ്ധപ്പെടുത്തി. "ഭയങ്കരമായ ഹിന്ദുമുസ്ലീം ലഹള....ഗ്രാമങ്ങളിലേക്കും ലഹള ബാധിക്കുന്നു....മൂന്നുപ്രാവശ്യം പട്ടാളം വെടിവയ്ക്കേണ്ടിവന്നു....പതിന്നാലു ദിവസത്തേക്കു നിശാനിയമം....മരിച്ചവരുടേയും മുറിവേറ്റവരുടേയും കണക്കുകൾ അറിവായിട്ടില്ല....സ്ഥിതി ഇപ്പോഴും ഗുരുതരമായിരിക്കുന്നു...." പത്രങ്ങളുടെ തലക്കെട്ടുകളാണതെല്ലാം.

ലഹളയുടെ കാരണം ആർക്കും അറിഞ്ഞുകൂടാ. ആരും അതേപ്പറ്റി അന്വേഷിക്കുന്നുമില്ല. കേട്ടവർ കേട്ടവർ കൊല്ലുന്നു; കൊല്ലപ്പെടുന്നു. അത്രതന്നെ.

പങ്കുകച്ചവടക്കാരനായ കാതരും ഗോവിന്ദനും മരച്ചീനിക്കച്ചവടവും കഴിഞ്ഞു തിരിച്ചുവരുമ്പോൾ കടത്തുകടവിൽ ലഹള നടക്കുന്നു. ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ. ഗോവിന്ദൻ ഹിന്ദുക്കളുടെ ഭാഗം ചേർന്നു; കാദരു മുസ്ലീങ്ങളുടെ ഭാഗത്തും. ഇരുവരും കുത്തേറ്റു മരിച്ചു. ചീട്ടുകളിച്ചുകൊണ്ടിരുന്ന മൂന്നു ഹിന്ദുക്കളും ഒരു മുസ്ലീമും, ഹിന്ദുമുസ്ലീം ലഹളവാർത്ത കേട്ടു വാക്കുതർക്കമാരംഭിച്ചു. ഒടുവിൽ ആ കളിസ്ഥലത്തു രണ്ടു മൃതശരീരങ്ങൾ മാത്രം രക്തത്തിൽ കുളിച്ചു കിടക്കുന്നുണ്ടായിരുന്നു.

മതരോഗത്തിന്റെ അണുക്കൾ അങ്ങനെ നിമിഷംപ്രതി വ്യാപിച്ചുകൊണ്ടിരുന്നു.

ഗുസ്തിനോട്ടീസു വായിച്ച ചെറുപ്പക്കാരൻ അത്യധികമായ വിഷാദത്തോടെ റോഡരുകിൽ നിൽക്കുകയാണ്. അകലെനിന്ന് ഒരു ആരവം കേൾക്കാം. ആയുധധാരികളായ മനുഷ്യപ്പിശാചുക്കൾ സഹോദരങ്ങളുടെ കഴുത്തറക്കാൻ വരുന്ന വരവാണത്. അലർച്ചകളും പോർവിളികളും!.... അമ്പമ്പോ! എല്ലാവരിലും രോഗം മൂർദ്ധന്യതയിലെത്തിയിരിക്കുന്നു!

ചെറുപ്പക്കാരൻ ഒരു വൃക്ഷത്തിന്റെ മറവിൽ ഒളിക്കുവാൻ ശ്രമിച്ചു. പക്ഷേ, മറയുന്നതിനുമുമ്പ് അയാൾ കണ്ടുപിടിക്കപ്പെട്ടുപോയി.

"പിടിച്ചോടാ അവനെ...." ഒരലർച്ച. "വിടല്ലേടാ അവനെ...." മറ്റൊരു ഗർജ്ജനം.

കുറെപ്പേർ ചെറുപ്പക്കാരന്റെനേരെ പാഞ്ഞടുത്തു. ഒരു കഠാര അയാളുടെ നെഞ്ചിനുനേരെ ഉയർന്നുതാഴ്ന്നു. പെട്ടന്നതു തെറിച്ചുപോയി. "അരുതെടാ, അരുത്. അവൻ ഹിന്ദുവാ."

"എങ്കിൽ അവന്റെ കൈയിലും കൊട് ഒരു കഠാര." വേറെ ഒരാൾ അഭിപ്രായപ്പെട്ടു.

ചെറുപ്പക്കാരൻ ശോകാത്മകമായി മന്ദഹസിച്ചുകൊണ്ട് ദൃഢസ്വരത്തിൽ പറഞ്ഞു: "എനിക്കു കഠാരയും പിച്ചാത്തിയുമൊന്നും വേണ്ട."

ഒരു ഗർജ്ജനം: "വാങ്ങടാ കഠാര!"

"എനിക്കു വേണ്ട കഠാര." ചെറുപ്പക്കാരന്റെ ശബ്ദത്തിനു ശക്തി കൂടി. "നിങ്ങളെല്ലാം ആയുധങ്ങൾ കളഞ്ഞു വീടുകളിൽ പോകണം."

"ഛീ! നീയാരാടാ ഞങ്ങളെ ഉപദേശിക്കാൻ!"

"ഞാൻ നിങ്ങളുടെ ഒരു സഹോദരൻ."

"എങ്കിൽ കഠാരയും വാങ്ങിക്കൊണ്ടു വാ, മേത്തന്മാരെ കൊല്ലാൻ."

"അവരും എൻെറ സഹോദരന്മാരാണ്."

"എങ്കിൽ നീയും ചാവണം....കുത്തെടാ അവനെ!"

ചെറുപ്പക്കാരൻെറ മാർവ്വിടത്തിൽ ഒരു പിച്ചാത്തി ആഞ്ഞമർന്നു.

"അയ്യോ!" ചെറുപ്പക്കാരൻ ഒന്നു നിലവിളിച്ചു.

അയാൾ പിറകോട്ടു മറിഞ്ഞു. രക്തത്തിൽ കിടന്നു പുളഞ്ഞുകൊണ്ട് അയാൾ പറഞ്ഞു: "സഹോദരങ്ങളേ, കൊല്ലരുതേ!"

പൈശാചികമായി പൊട്ടിച്ചിരിച്ചുകൊണ്ട് ലഹളക്കാർ ഓടിപ്പോയി.

അകലെ മറ്റൊരു ആരവം കേൾക്കാം: "അള്ളാഹു അക്ബർ!"

"ഭ്രാന്തന്മാർ!....ഭ്രാന്തന്മാർ!" ചെറുപ്പക്കാരൻെറ കണ്ണുകൾ അടഞ്ഞു.

ഭ്രാന്തു ശമിച്ചു. ശ്മശാനത്തിലെപ്പോലുള്ള ഒരു ശാന്തത ദൃശ്യമായി. ഒഴുകിയ രക്തം ഉണങ്ങി മണ്ണോടു ചേർന്നു. കണ്ണുനീർ വറ്റിപ്പോയി. പിശാചുക്കൾ നൃത്തംചെയ്ത പ്രദേശങ്ങളിൽ മനുഷ്യർ സഞ്ചരിക്കുവാൻ തുടങ്ങി.

പപ്പുപിള്ളയുടെയും കുഞ്ഞുമൊയ്തീൻെറയും പീടികകൾ നിന്ന സ്ഥലത്ത് കരിക്കട്ടകളും ചാമ്പലും അസ്ഥിക്കഷണങ്ങളും മാത്രമേ കാണാനുള്ളു. പീടികകളും അവയോടൊപ്പം പീടികകളുടെ ഉടമസ്ഥന്മാരുടെ മൃതശരീരങ്ങളും എരിഞ്ഞുപോയി. അല്പം അകലെ തീജ്ജ്വാലയേറ്റ് ഇല കരിഞ്ഞ ഒരു തൈമാവിൻെറ കീഴിൽ കുറെ ഓലയും മുളയും കിടക്കുന്നുണ്ട്.

മുഹമ്മദ് റോഡിൽക്കൂടെ വരികയാണ്. കുഞ്ഞുമൊയ്തീൻെറ മകനാണവൻ. പതിനേഴാമത്തെ വയസ്സിൽ, വിധവയായ അമ്മയേയും മൂന്ന് അനുജന്മാരേയും രക്ഷിക്കേണ്ട ഭാരം അവൻ വഹിക്കേണ്ടിയിരിക്കുന്നു. അവൻ, പീടിക നിന്ന സ്ഥലത്തു കയറി ചുറ്റും നോക്കി. അവൻെറ കണ്ണുകൾ നിറഞ്ഞു. പിതാവിൻെറ ചിതാഭസ്മത്തിൽ പുത്രൻെറ ബാഷ്പബിന്ദുക്കൾ പതിച്ചു.

ഗോപാലൻ ഓലയും മുളയും ചുമന്നുകൊണ്ടു വരുന്നതു മുഹമ്മദു കണ്ടില്ല. "എന്താ മമ്മതേ കരയുന്നത്?" ഗോപാലൻ ചോദിച്ചു.

മുഹമ്മദു തിരിഞ്ഞുനോക്കി കണ്ണുനീർ തുടച്ചുകൊണ്ടു പറഞ്ഞു: "ഇതു കണ്ടപ്പഴ് കണ്ണീന്നു കണ്ണീരു വന്നതാ പിള്ളേ."

"ഓ! ഇനി കരഞ്ഞിട്ടു കാര്യമെന്താ? ചാവാനൊള്ളവരെല്ലാം ചത്തു. ഇനി നമുക്കു നമ്മുടെ കാര്യം നോക്കാം." അവൻ തലയിലിരുന്ന ഓലയും മുളയും മാവിൻകീഴിലിട്ടിട്ടു തിരിച്ചുവന്നു. അവൻ പിന്നേയും മുഹമ്മദിനെ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചു: "കരയാതെ മമ്മതേ, കരയാതെ."

"എങ്ങനെ കരയാതിരിക്കും പിള്ളേ? ഉമ്മയുമൊണ്ടു മൂന്നു കൊച്ചുങ്ങളുമൊണ്ട്....അവരെ ഞാനെങ്ങനെ പോറ്റും?"

"എനിക്കുമൊണ്ടു മമ്മതേ, അമ്മയും ഒരു കൊച്ചുപെങ്ങളും. എന്റെ ചേട്ടന്മാരു രണ്ടുപേരും ചത്തു."

"പിള്ള ഇനി എന്തു ചെയ്യാമ്പോണ്?"

"ചേട്ടന്റെ തൊഴിൽതന്നെ ഞാനും ചെയ്യാമെന്നാ വച്ചത്."

"ഓലേം മൊളേം കൊണ്ടുവന്നിട്ടിരിക്കുന്നത് അതിനാണോ?"

"പീടികപോലൊന്നു കുത്തിമറയ്ക്കണം, മമ്മതേ."

"എനിക്കതിനും നിവൃത്തിയില്ലല്ലോ പിള്ളേ. ഓലേം ഇല്ല; മൊളേം ഇല്ല."

ഗോപാലൻ മുഹമ്മദിന്റെ കൈ പിടിച്ചുകൊണ്ടു പറഞ്ഞു: "അതിനു വിഷമിക്കണ്ട മമ്മതേ. നമുക്ക് ഒരു പീടിക മതി പകുതി എനിക്കും, പകുതി മമ്മതിനും. എന്താ?"

മുഹമ്മദു നിറഞ്ഞ കൃതജ്ഞതയോടെ ഗോപാലന്റെ മുഖത്തു നോക്കി: "പിള്ളയ്ക്കു സമ്മതമാണെങ്കി...."

"എനിക്കു സന്തോഷമാ, മമ്മതേ. മമ്മതിന്റെ വാപ്പേം എന്റെ ചേട്ടനും ഒരമ്മപെറ്റ മക്കളെപ്പോലെ കഴിഞ്ഞതാ."

"എന്നിട്ടവർക്കു കിറുക്കുപിടിച്ചു പിള്ളേ; കിറുക്കുപിടിച്ചു തമ്മിത്തമ്മിക്കൊന്നു."

"നേരാ മമ്മതേ. എങ്ങാണ്ട് ആരാണ്ടു ഗുസ്തിപിടിച്ചതിന് എന്റെ ചേട്ടനും മമ്മതിന്റെ വാപ്പേം വെട്ടും കുത്തുമിട്ടതു കിറുക്കല്ല്യോ?"

"അതിലും കഷ്ടമല്ല്യോ പിള്ളേ, ആ കിറുക്കു നാടു മുഴുവൻ പരന്നത്?"

"അയ്യയ്യോ! ഇതൊരു വല്ലാത്ത കിറുക്കാ മമ്മതേ....മനുഷ്യരു തമ്മിത്തമ്മി കൊല്ലുന്ന കിറുക്ക്!"

"വടക്കെവിടെയോ ഇതുപോലെ കിറുക്കുപിടിച്ചെന്നു കേട്ടല്ലോ പിള്ളേ."

"നേരാ. ബംഗാളിലും ബീഹാറിലും."

പപ്പുപിള്ളയുടെ അനുജനും കുഞ്ഞുമൊയ്തീന്റെ മകനും അവരങ്ങനെ പരസ്പരം കഴുത്തറുക്കുന്ന ഭ്രാന്തിനെപ്പറ്റി പരിതപിക്കുകയാണ്.

അവർ പീടിക നിന്ന സ്ഥലത്തെ ചാമ്പലും കരിക്കട്ടയും അസ്ഥിക്കഷണങ്ങളും വാരിക്കളഞ്ഞു. ഇരുവരുംകൂടെ പീടികയ്ക്കു തൂണു നാട്ടി. സന്ധ്യയാകാറായപ്പോഴേക്ക് ഒരു പുതിയ പീടിക അവിടെ ഉയർന്നു കാണായി.

പിറ്റേദിവസം രാവിലെ ഗോപാലന്റെ ചായക്കച്ചവടവും മുഹമ്മദിന്റെ മുറുക്കാൻകച്ചവടവും ഉദ്ഘാടനംചെയ്യപ്പെട്ടു.

പീടികയുടെ മുമ്പിൽ ഒരു കടലാസ്സു പറ്റിച്ചിരുന്നതിൽ ഇങ്ങനെ എഴുതിയിരുന്നു: 'കിറുക്കന്മാർക്കു പ്രവേശനമില്ല.

kesavadev.net

© 2007 - 2008 kesavadev.net All rights reserved.